"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - 2022-23 സാമ്പത്തിക വർഷം സൈബർ ഫോറൻസിക് ടൂളുകൾ സ്ഥാപിച്ച വകയിൽ അലിബി ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡിന് നൽകാനുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.588/2024/TAXES തീയതി,തിരുവനന്തപുരം, 01-07-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.54/2022/നികുതി തീയതി.01.08.2022
2. എക്സൈസ് കമ്മീഷണറുടെ 27.10.2023 തീയതിയിലെ ഇ എക്സ് സി/3683/2022-എക്സ് ജി1എ നമ്പർ കത്ത്
3. എക്സൈസ് കമ്മീഷണറുടെ 8.04.2024 തീയതിയിലെ ഇ എക്സ് സി/3683/2022-എക്സ് ജി1എ നമ്പർ കത്ത്.

**ഉത്തരവ്**

2022-23 സാമ്പത്തിക വർഷം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി എക്സൈസ് വകുപ്പിൽ സൈബർ ഫോറൻസിക് ടൂളുകൾ 19,65,880/ -രൂപ ചെലവിൽ സ്ഥാപിക്കുന്നതിന് അലിബി ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നല്കിയിട്ടുള്ളതാണെന്നും, ടി സ്ഥാപനം ആയത് തൃപ്തികരമായി സ്ഥാപിച്ച് നല്കിയിട്ടുള്ളതുമാണെന്നും, ടി 19,65,880/- രൂപ ടി സ്ഥാപനത്തിന് അനുവദിച്ച് ഉത്തരവായിട്ടുള്ളതാണെന്നും,എന്നാൽ സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടമായതിനാലും സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണങ്ങൾ കൊണ്ടും, ടി തുക ടി സ്ഥാപനത്തിന് 2022-23 സാമ്പത്തീക വർഷത്തിൽ മാറി നൽകാൻ കഴിയാതിരുന്നതിനെ തുടർന്ന് ടി തുക 2023-24 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്യുന്നതിന് **ഇ-ലാംസിൽ** ഉൾപ്പെടുത്തുന്നതിന് അനുമതി നല്കുന്നതിന് എക്സൈസ് കമ്മീഷണർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു. എന്നാൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ള ബില്ലിൻമേൽ ധനകാര്യ സ്ഥാപനങ്ങൾ വഴി തുക മാറി നൽകിയിട്ടുള്ള കേസുകളിൽ E-lams release അനുവദിക്കാൻ കഴിയില്ലായെന്ന് എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു.

2) 2023-24 സാമ്പത്തിക വർഷം അവസാനിച്ചതിനാലും, E-Lams-ൽ തുക വകയിരുത്തുന്നതിനുള്ള കാലാവധി അവസാനിച്ചതിനാലും 2022-23 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിൽ സൈബർ ഫോറൻസിക് ടൂളുകൾ സ്ഥാപിച്ച വകയിൽ അലിബി ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡിന് നൽകാനുള്ള 19,65,880/- രൂപ ടി സ്ഥാപനത്തിന് അനുവദിക്കുന്നതിന്, നടപ്പ സാമ്പത്തിക വർഷത്തിൽ 2039-00-001-94-34-3-PV എന്ന ശീർഷകത്തിൽ ടി തുക അധിക ധനാനുമതിയായി അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകണമെന്ന് എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022-23 സാമ്പത്തിക വർഷം സൈബർ ഫോറൻസിക് ടൂളുകൾ സ്ഥാപിച്ച വകയിൽ അലിബി ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡിന് നൽകാനുള്ള 19,65,880/-രൂപ (പത്തൊൻപത് ലക്ഷത്തി അറുപത്തിയയ്യായിരത്തി എണ്ണൂറ്റി എൺപത് രൂപ മാത്രം) 2024-25 സാമ്പത്തിക വർഷത്തെ 2039-00-001-94-34-3-PV എന്ന് ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2.അക്കൗണ്ടന്റ് ജനറൽ(എ & ഇ/ആഡിറ്റ് -ഇ.ആർ എസ്.എ) കേരളം, തിരുവനന്തപുരം
3. ധനവകുപ്പ് ( നം.2644450 EXP-B1/633/2023-Fin തീയതി,30.03.2024)
4.വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5.കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Reese. V. A
Date: 01-07-2024 16:49:22
സെക്ഷൻ ഓഫീസർ